(Pages : 4) **S – 6600**

**Reg. No. : .............................**

**Name : .................................**

## Third Semester M.A. Degree Examination, February 2024

## Malayalam Language and Literature

## ML 232 : സാഹിത്യചരിത്ര വിജ്ഞാനീയം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) സാഹിത്യപ്രവണതകളെ മുൻനിർത്തി എഴുതപ്പെട്ട ഒരു സാഹിത്യചരിത്രഗ്രന്ഥം പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്ര രചയിതാവിന്റെ വീക്ഷണവും സാഹിത്യചരിത്രവും തമ്മിലുള്ള ബന്ധം പരിശോധിക്കുക.

2. (a) സാഹിത്യചരിത്രപഠനത്തെക്കുറിച്ചുള്ള വില്യം ഹെന്റി ഹഡ്സന്റെ അഭിപ്രായം ചുരുക്കിയെഴുതുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രം നിർമ്മിക്കുന്നതിലെ സങ്കേതങ്ങളും വർഗ്ഗീകരണവും എഴുതുക.

3. (a) സാഹിത്യചരിത്രഗ്രന്ഥത്തിൽ ചരിത്രപരമായ ഘട്ടവിഭജനത്തിനുള്ള പ്രാധാന്യം എന്ത്?

അല്ലെങ്കിൽ

(b) പ്രസ്ഥാനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സാഹിത്യചരിത്രം പരിചയപ്പെടുത്തുക.

P.T.O.

4. (a) സാഹിത്യചരിത്രം സാംസ്കാരിക ചരിത്രം കൂടിയാണ് : വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ദേശരാഷ്ട്രസങ്കൽപ്പവും സാഹിത്യചരിത്രരചനയും തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

5. (a) സ്ത്രീരചനകൾക്ക് കേരളസാഹിത്യചരിത്രത്തിൽ ഉള്ളൂർ നൽകുന്ന പരിഗണന വിമർശനാത്മകമായി വിലയിരുത്തുക.

അല്ലെങ്കിൽ

(b) മലയാളസാഹിത്യത്തിലെ സ്ത്രീസാന്നിധ്യങ്ങളെ വിശദീകരിക്കുന്ന ഒരു കൃതി പരിചയപ്പെടുത്തുക.

6. (a) പ്രാചീനകൃതികളുടെ കാലഗണനയിലുണ്ടാകുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) ഹെന്റി മോർലിയുടെ സാഹിത്യചരിത്ര ഇടപെടലുകൾ വിശദമാക്കുക.

7. (a) കൈരളിയുടെ കഥ എന്ന രചനയുടെ സവിശേഷതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) സാഹിത്യചരിത്രരചനയ്ക്ക് ഇതര വിജ്ഞാനശാഖകളുമായുള്ള ബന്ധം പരിശോധിക്കുക.

**($7 \times 3 = 21$ Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) ആദ്യകാലസാഹിത്യചരിത്രങ്ങളിൽ ബോധപൂർവ്വമായ തമസ്ക്കരണങ്ങൾ ഉണ്ടായിട്ടുണ്ടോ? വിമർശനാത്മകമായി പരിശോധിക്കുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന കൃതിയിലെ വിഷയവിഭജനത്തിന്റെ ഔചിത്യം പരിശോധിക്കുക.

9. (a) ദേശചരിത്രം, ഭാഷാചരിത്രം എന്നീ സങ്കൽപ്പനങ്ങൾ സാഹിത്യചരിത്രത്തോട് എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രത്തിലെ ഘട്ടവിഭജനത്തിൽ പ്രവർത്തിക്കുന്ന യുക്തികൾ എന്തെല്ലാം? ചർച്ച ചെയ്യുക.

10. (a) സൗന്ദര്യപരതയെക്കാൾ ചരിത്രപരതയ്ക്കും വസ്തുനിഷ്ഠതയ്ക്കും ആയിരിക്കണം സാഹിത്യ ചരിത്രരചനയിൽ പ്രാമുഖ്യം ലഭിക്കേണ്ടത് - സ്വാഭിപ്രായം എഴുതുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രരചനയിലെ നാല് പ്രക്രിയകൾ എന്തെല്ലാം? ചർച്ച ചെയ്യുക.

11. (a) ദളിത്-സ്ത്രീ-പരിസ്ഥിതി വീക്ഷണങ്ങളെ പരിഗണിക്കുന്ന പുതിയ സാഹിത്യചരിത്രങ്ങൾ സൃഷ്ടിക്കുന്ന സാധ്യതകളും പരിമിതികളും വിശദീകരിക്കുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രരചനയിൽ കെ.എം. ജോർജ്ജിന്റെ സംഭാവനകൾ ചർച്ച ചെയ്യുക.

12. (a) സാഹിത്യകൃതിയും സാഹിത്യേതര സന്ദർഭവും തമ്മിലുള്ള ബന്ധം എന്തെല്ലാം? വിശദീകരിക്കുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രത്തിലെ തമസ്ക്കരണവും സാംസ്ക്കാരിക അധീശത്വവും പരസ്പര പൂരകമാണ് - ഉദാഹരണസഹിതം ചർച്ച ചെയ്യുക.

**(5 $\times$ 6 = 30 Marks)**

III. ഓരോന്നിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) മലയാളത്തിലെ ആദ്യകാല സാഹിത്യചരിത്രങ്ങളുടെ സവിശേഷതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) ആധുനികതയിൽനിന്ന് ഉത്തരാധുനികതയിലേയ്ക്ക് എത്തുമ്പോൾ സാഹിത്യചരിത്രരചനയെ സംബന്ധിച്ച കാഴ്ചപ്പാടുകളിൽ വന്ന മാറ്റങ്ങൾ ചർച്ച ചെയ്യുക.

14. (a) മലയാളത്തിലെ ദളിത്-സ്ത്രീപക്ഷസാഹിത്യചരിത്രരചനകളെക്കുറിച്ച് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) നിലനിൽക്കുന്ന അധികാരഘടനയെയും സാംസ്കാരിക ആധിപത്യത്തെയും സാഹിത്യ ചരിത്രങ്ങൾ പ്രതിഫലിപ്പിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

15. (a) അവഗണിക്കപ്പെട്ട കൃതികളെ വീണ്ടെടുക്കാനും അനർഹമായവയെ തള്ളാനും സാഹിത്യ ചരിത്രങ്ങൾ ശ്രമിക്കുന്നുണ്ടോ? കേരളീയസന്ദർഭത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രസങ്കൽപ്പത്തിന്റെ പാശ്ചാത്യസ്വാധീനം വിമർശനാത്മകമായി പരിശോധിക്കുക.

**(3 × 8 = 24 Marks)**

---